# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2733 — 27.01.2014 - ൽ മറുപടിക്ക്

## പുനലൂർ നഗരസഭയിലെ പുതിയ കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. രാജു | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) പുനലൂർ നഗരസഭയിൽ നിലവിലുള്ള കുടിവെള്ള വിതരണ പദ്ധതികൾ പര്യാപ്തമല്ലെന്നും പുതിയ കുടിവെള്ള പദ്ധതി അത്യന്താപേക്ഷിതമാണെന്നുമുള്ള വസ്തുത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇത്തരം ഒരു പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; ആയത് ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; | (ബി) ഇത്തരം ഒരു പദ്ധതി ആവിഷ്കരിക്കാനുള്ള നടപടികളുടെ ഭാഗമായി വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിയ്ക്കുകയാണ്. |
| (സി) ഈ പദ്ധതിയുടെ പേര്, മൊത്തം അടങ്കൽ തുക ഇവ വിശദമാക്കുമോ ;<br><br>(ഡി) ഇതിന്റെ പ്രവർത്തനങ്ങൾ എന്നു മുതൽ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ? | (സി) & (ഡി) " Improvement of RWSS to Punalur Muncipality" എന്നാണ് ഈ പദ്ധതിയുടെ പേര്. വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി കഴിഞ്ഞാൽ മാത്രമേ ഈ പദ്ധതിയുടെ അടങ്കൽ തുക വിശദമാക്കുവാനും മറ്റ് നടപടിക്രമങ്ങൾ പാലിച്ച് പ്രവർത്തനങ്ങൾ ആരംഭിക്കുവാനും സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ